# അന്തർദേശീയ കാർഷിക പ്രദർശനം വെള്ളാനിക്കരയിൽ 27മുതൽ

Deshabhimani 24.12.17

**തൃശൂർ** > കാർഷികോൽപ്പന്ന സംസ്കരണം-മൂല്യവർധന് ആസ്പദമാക്കി സംസ്ഥാന കൃഷി വകുപ്പ് സംഘടിപ്പിക്കുന്ന രണ്ടാമത് അന്തർദേശീയ പ്രദർശനവും ശിൽപ്പശാലയും 'വൈഗ - 2017' വെള്ളാനിക്കരയിൽ നടത്തുമെന്ന് മന്ത്രി വി എസ് സുനിൽകുമാർ വാർത്താസമ്മേളനത്തിൽ അറിയിച്ചു. 27 മുതൽ 31 വരെയാണ് പരിപാടി. കാർഷിക സർവകലാശാലാ ആസ്ഥാനത്ത് 27ന് രാവിലെ പത്തിന് ഗവർണർ പി സദാശിവം ഉദ്ഘാടനം ചെയ്യും. മന്ത്രി സി രവീന്ദ്രനാഥ് മുഖ്യപ്രഭാഷണം നടത്തും. കൃഷിവകുപ്പ്, കാർഷിക സർവകലാശാല, സമേതി എന്നിവയുടെ ആഭിമുഖ്യത്തിലാണ് ശിൽപ്പശാല സംഘടിപ്പിക്കുന്നത്. പുതുസംരംഭകർക്കും കർഷകർക്കും യുവാക്കൾക്കും കാർഷികോൽപ്പന്നങ്ങളുടെ മൂല്യവർധനയെക്കുറിച്ച് അറിവ് ലഭ്യമാക്കുകയാണ് ലക്ഷ്യം.

നാളികേരം, വാഴപ്പഴം, തേൻ, ചെറുധാന്യങ്ങൾ എന്നിവ വിഷയമാവും. സിംഗപ്പൂർ, തായ്‌ലൻഡ്, ശ്രീലങ്ക, ഇന്തോനേഷ്യ, ജക്കാർത്ത തുടങ്ങി ഇരുപതോളം രാജ്യങ്ങളിൽനിന്നുള്ള ഗവേഷകർ, പ്രതിനിധികൾ, കർഷകർ എന്നിവർ ശിൽപ്പശാലയിൽ പങ്കെടുക്കും. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫുഡ് ടെക്നോളജി, കേന്ദ്രതോട്ടവിള ഗവേഷണകേന്ദ്രം, മൈസൂർ സെൻട്രൽ ഫുഡ് ടെക്നോളജി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാക്കേജിങ് മുംബൈ എന്നിവരും കേന്ദ്ര കിഴങ്ങു ഗവേഷണകേന്ദ്രം, കേരള കാർഷിക സർവകലശാല, തമിഴ്നാട് കാർഷിക സർവകലാശാല എന്നിവയും സാങ്കേതികനേട്ടങ്ങൾ പ്രദർശിപ്പിക്കും. സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ, ജൈവവൈവിധ്യബോർഡ്, നാളികേര വികസനബോർഡ്, കൃഷി വിജ്ഞാനകേന്ദ്രങ്ങൾ, വിഎഫ്പിസികെ, കിൻഫ്ര, കേരഫെഡ്, പ്ലാന്റേഷൻ കോർപറേഷൻ, സ്റ്റേറ്റ് ഫാമിങ് കോർപറേഷൻ, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപറേഷൻ, ഓയിൽപാം ഇന്ത്യ ലിമിറ്റഡ്, കേന്ദ്ര- സംസ്ഥാന കാർഷിക ഗവേഷണസ്ഥാപനങ്ങളും സ്വകാര്യസംരംഭകരും പങ്കെടുക്കും.

വാർത്താസമ്മേളനത്തിൽ കെ രാജൻ എംഎൽഎ, കൃഷി വകുപ്പ് ഡയറക്ടർ എ എം സുനിൽകുമാർ, കാർഷിക സർവകലാശാല രജിസ്ട്രാർ എസ് ലീനകുമാരി, ഗവേഷണവിഭാഗം ഡയറക്ടർ ഡോ. പി ഇന്ദിരാദേവി, വിജ്ഞാന വ്യാപന വിഭാഗം ഡയറക്ടർ ഡോ. ജിജു പി അലക്സ് എന്നിവർ പങ്കെടുത്തു.